# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2185

18-07-2016-ൽ
മറുപടി നൽകേണ്ടത്

## പ്രവാസികളുടെ ഉപരിപഠന സാദ്ധ്യതകൾ

ചോദ്യം | ഉത്തരം

ശ്രീ.മഞ്ഞളാംകുഴി അലി : പ്രൊഫ.സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) പ്രവാസികളുടെ ഉപരിപഠനത്തിന് എന്തെങ്കിലും സഹായങ്ങൾ സർക്കാർ നൽകുന്നുണ്ടോ; | എ) ഇല്ല |
| ബി) പ്രവാസി മലയാളികൾ ധാരാളമുള്ള ഗൾഫ് രാജ്യങ്ങളിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ വിദൂര പഠന കേന്ദ്രങ്ങളോ മറ്റേതെങ്കിലും സംവിധാനങ്ങളോ നിലവിലുണ്ടോ; | ബി) മലയാള സാഹിത്യവും, സംസ്കാരവും പ്രവാസി മലയാളികളെ പരിചയപ്പെടുത്തുന്നതിനായി തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ കീഴിൽ ഒരു ഓൺ ലൈൻ കോഴ്സ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>ഗൾഫ് രാജ്യങ്ങളിൽ മഹാത്മഗാന്ധി സർവ്വകലാശാലയുടെ അംഗീകാരത്തോടെ പ്രവർത്തിച്ച വന്നിരുന്ന വിദൂരവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ 2013-14 വർഷം വരെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സും പരീക്ഷകളും പൂർത്തീകരിയ്ക്കുവാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്.<br>ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ മക്കൾക്കായി കുസാറ്റിന്റെ കീഴിൽ വിവിധ കോഴ്സുകളിലേക്ക് സീറ്റുകൾ നീക്കിവയ്ക്കുകയും |

| | |
|---|---|
| | കുസാറ്റ് എൻട്രൻസ് പരീക്ഷയ്ക്ക് ഒരു സെന്റർ ദുബായിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രവാസി മലയാളികളുടെ മക്കൾക്കായി ന്യുവാൽസിൽ 12 സീറ്റുകൾ എല്ലാ വർഷവും നീക്കിവയ്ക്കാറുണ്ട്. |
| സി) പ്രവാസികളായി തീരുന്നതു കാരണം പഠനം തുടരാൻ നിർവ്വാഹമില്ലാത്ത മലയാളികളെ സഹായിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ? | സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ